Draft #2 of File 2016/AC A4-1/2026/AC A 4 Approved by ASSISTANT REGISTRAR I (ACADEMIC) on 15-Jan-2026 04:35 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സംഗ്രഹം

B.Arch (2019 Regulations) - Group II തിയറി വിഷയങ്ങളുടെ CA (Continuous Assessment) മാർക്ക് റിവൈസ് ചെയ്യുന്നത് സംബന്ധിച്ച് - ചെയർമാൻ , ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ നൽകിയ ശിപാർശ അംഗീകരിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു .

അക്കാദമിക് എ 4 സെക്ഷൻ

നമ്പർ. 515/AC A 4/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 16.01.2026

പരാമർശം:-1. 16.10.2025 തീയതിയിൽ Ahammed Nahyan P M , Ayisha Salim എന്നീ വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷ .

2. 12.12.2025 ൽ ചെയർമാൻ , ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ നൽകിയ ശിപാർശ

3 . 09.01.2026 ലെ ബഹു .വൈസ് ചാൻസലറുടെ ഉത്തരവ്

ഉത്തരവ്

KMEA College of Architecture, Aluva 2023 അഡ്മിഷൻ B .Arch വിദ്യാർത്ഥികളായ Ahammed Nahyan P M (PRN : 233241910337) , Ayisha Salim (2332419103348) എന്നീ വിദ്യാർത്ഥികൾ കോഴ്സ് കാലയളവിൽ Group II തിയറി വിഷയങ്ങളുടെ CA (Continuous Assessment) മാർക്ക് റിവൈസ് ചെയ്യുന്നത് സംബന്ധിച്ച് പരാമർശം (1) അപേക്ഷ സമർപ്പിച്ചിരുന്നു.

പ്രസ്തുത വിഷയത്തിൽ ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ (UG & PG) ചെയർമാന്റെ അഭിപ്രായം തേടിയിരുന്നു. 2011 റെഗുലേഷൻ വിദ്യാർത്ഥികൾക്കായി അനുവദിച്ചിരുന്ന *Internal Redo* സംവിധാനം, **B.Arch 2019 Regulations - Clause 14.2** പ്രകാരം 2019 സ്കീം വിദ്യാർത്ഥികൾക്കും ബാധകമാക്കാമെന്നും, എന്നാൽ അതിന് **റെഗുലർ കോഴ്സ് കാലാവധി (10 സെമസ്റ്റർ)** പൂർത്തിയാക്കേണ്ടതുണ്ടെന്നും ചെയർമാൻ വ്യക്തമാക്കി.

കോഴ്സ് കാലയളവിൽ **Group II തിയറി വിഷയങ്ങളുടെ CA മാർക്ക് മെച്ചപ്പെടുത്തൽ അനുവദിക്കാനാകില്ല**, കാരണം ഇത് കോഴ്സ് പൂർത്തീകരണത്തിന് എളുപ്പവഴിയായി മാറാനും, മോശം പരീക്ഷാഫലങ്ങൾക്ക് ഇടയാക്കാനും, ജൂനിയർ ബാച്ചിനൊപ്പം പഠിക്കേണ്ടിവരുന്നതിലൂടെ ഒരു അക്കാദമിക് വർഷം നഷ്ടപ്പെടാനും സാധ്യതയുണ്ടെന്ന് ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ (UG & PG) ചെയർമാൻ വിലയിരുത്തി.

അതേസമയം, **10 സെമസ്റ്റർ പൂർത്തിയാക്കിയതിന് ശേഷം Group II വിഷയങ്ങളുടെ CA മാർക്ക് റിവൈസ് ചെയ്യാം** എന്നും പരാമർശം (2) ശിപാർശ നൽകി . ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ (UG & PG) ചെയർമാൻ സമർപ്പിച്ച പ്രസ്തുത ശിപാർശ ബഹു. വൈസ് ചാൻസലർ പരാമർശം (3) പ്രകാരം അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ശ്രീജിത്ത് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പി എസ് ടു വി .സി /പി.വി.സി
2. പി .എ ടു രജിസ്ട്രാർ/പരീക്ഷ കൺട്രോളർ
3. എ ആർ / ഡി ആർ / ജെ ആർ (പരീക്ഷ /അക്കാദമിക്)
4. എ സി സി I / എ സി സി II സെക്ഷനുകൾ
5. EI 32 /EA 1 / ITCELLസെക്ഷനുകൾ
6 . PRO സെക്ഷൻ /University Website / IQAC
7. റെക്കോർഡ്സ് സെക്ഷൻ /ഫയൽ കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 2016/AC A4-1/2026/AC A 4 Approved by ASSISTANT REGISTRAR I (ACADEMIC) on 15-Jan-2026 04:35 PM - Page 2